LIBRARY ARCHIVES Kerala Legislative Assembly

മഴക്കാലത്ത് റോഡുകളുടെ ടാറിംഗ്,റീ-ടാറിംഗ്

286 (7257) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലത്ത് റോഡുകളുടെ ടാറിംഗ്, റീ-ടാറിംഗ് എന്നിവ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മഴക്കാലത്ത് ടാറിംഗ്, റീ-ടാറിംഗ് നടക്കുന്ന റോഡുകൾ മറ്റു സീസണുകളിൽ ഇവ നടത്തുന്ന റോഡുകളേക്കാൾ പെട്ടെന്ന് തകരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മഴക്കാലത്ത് ടാറിംഗ്, റീ-ടാറിംഗ് നടക്കുന്ന റോഡുകളുടെ ഗുണനിലവാരം വിലയിരുത്തുവാൻ ശ്രമിച്ചിട്ടുണ്ടോ ;

(ഡി) ഇത്തരം റോഡുപണികൾ മഴക്കാലത്തിനുമുമ്പോ പിമ്പോ ചെയ്യണമെന്ന രീതിയിൽ ഉത്തരവ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) മഴക്കാലത്ത് റോഡിന്റെ ഉപരിതലം പൂതുക്കുന്ന പ്രവൃത്തികൾ സാധാരണയായി ചെയ്യാറില്ല. എന്നാൽ അത്യാവശ്യം വേണ്ടുന്ന കുഴിയടയ്ക്കൽ, കേടുപാട്തീർക്കൽ എന്നിവ മഴക്കാലത്തും നടത്താറുണ്ട്.

(ബി) മഴക്കാലത്ത് ടാറിംഗ് നടത്തുന്നത് റോഡുകൾക്ക് ഈട് കുറയ്ക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റോഡുകളുടെ ഗുണനിലവാരം വിലയിരുത്തുന്നുണ്ട്.

(ഡി) മഴക്കാലത്ത് ടാറിംഗ് പ്രവൃത്തികൾ നടത്തിയാൽ അതിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്നതിനാൽ ഒഴിവാക്കാൻ കേന്ദ്ര-റോഡ് ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശമുണ്ട്.

മഴക്കാലപൂർവ്വ ഓടശുചീകരണം

287 (7258) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലത്തിനുമുൻപ് പൊതുമരാമത്ത് വകുപ്പ്വക ഓടകൾ വൃത്തിയാക്കുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടോ ;

(ബി) ഓടകൾ വൃത്തിയാക്കുന്ന ജോലികൾ തടസ്സപ്പെട്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?